# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## മണിമല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി11/1488/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/02/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണിമല ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം-പി11/1488/21 തീയ്യതി: 09/02/2022

# കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2021 തിയതിയിലെ ഓഡിറ്റ്

സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.എൻ.രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 02-11-2021 | 17-11-2021 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2021 | 17-11-2021 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പി.ജി.പ്രസാദ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ദർശന വി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ഷാജിമോൻ പി.ബി.,സീനിയർ ഗ്രേഡ് ,ഓഡിറ്റർ
ശ്രീ.ബാബുരാജ്.കെ.ബി.,സീനിയർ ഗ്രേഡ് ,ഓഡിറ്റർ
ശ്രീമതി ജാസ്മിൻ എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| **പേര്** | **ഔദ്യോഗിക പദവി** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ആൻസി സെബാസ്റ്റ്യൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രേണുകാദേവി അമ്മാൾ എസ്. | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| **പേര്** | **ഉദ്യോഗപ്പേര്** | **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|---|---|
| ഷോളി ഫിലിപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സിമി ഇബ്രാഹിം | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജ്യോതിസ് കെ.എം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ആകർഷ് ജി.കൃഷ്ണൻ | വി.ഇ.ഒ.,മണിമല | 01-04-2019 | 14-12-2019 |
| അരുൺ എൻ.എസ് | വി.ഇ.ഒ.,മണിമല | 15-12-2019 | 31-03-2020 |
| ജിസാ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കാഞ്ഞിരപ്പള്ളി | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| അരുൺ എം | അസി.എഞ്ചിനീയർ | 01-04-2019 | 17-11-2019 |
| പാർവതി വി | അസി.എഞ്ചിനീയർ | 18-11-2019 | 29-12-2019 |
| അരുൺ എം | അസി.എഞ്ചിനീയർ | 30-12-2019 | 31-03-2020 |
| മോളമ്മ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.മുഹമ്മദ്ആസിഫ് | മെഡിക്കൽ ആഫീസർ, പി.എച്ച്.സി.,മണിമല | 01-04-2019 | 31-03-2020 |
| പ്രീതി സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തികവിശകലനം. | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അസംബ്ലി, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ഹാൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം | 1-11 |
| 12 | റോഡ്,മേഖല,ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചില്ല | 1-12 |
| 13 | കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച | 1-13 |
| 14 | ജീവനക്കാരുടെ തൊഴിൽ നികുതി - വരവ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 16 | കമ്പ്യൂട്ടർ വാങ്ങൽ- കെൽട്രോണിന് അധിക തുക നൽകി | 1-16 |

| | | |
|---|---|---|
| 17 | നിക്ഷേപ പ്രവൃത്തികൽ - പൂർത്തീകരിച്ചില്ല | 1-17 |
| 18 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല. | 1-18 |
| 19 | പ്രോജക്ട് പ്രകാരം അനുവദിച്ചു നൽകിയ പെട്ടിക്കട ഉപയോഗമില്ലാത്ത നിലയിൽ. | 1-19 |
| 20 | പി.വി.സി. വാട്ടർ ടാങ്ക് വിതരണം ( എസ്.സി) പ്രോജക്ട് --അപാകതകൾ | 1-20 |
| 21 | വയോജന സൗഹൃദം കട്ടിൽ വിതരണം (എസ്.സി) - നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ- മതിയായ രേഖകളില്ലാതെ ലാപ് ടോപ്പ് നല്കി. | 1-22 |
| 23 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണം -പൂർത്തീകരിച്ചില്ല. | 1-23 |
| 24 | സ്ട്രീറ്റ് ലൈറ്റ് മെയുന്ററനൻസ് പ്രോജക്ട് --അപാകതകൾ | 1-24 |
| 25 | പി.എച്ച്.സി യിലേക്ക് മരുന്ന് ലഭിച്ചിട്ടില്ല. | 1-25 |
| 26 | ഭവനപുനരുദ്ധാരണം ( എസ്.സി.പി)) അപാകതകൾ | 1-26 |
| 27 | പാർട്ട് ബിൽ നല്കി പ്രവൃത്തി അവസാനിപ്പിച്ചത്. | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഒ◌ാഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ | 4-11 |


**അനുബന്ധം**


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 23.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 23.03.2019
നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 1021306 | 15173528 |
| വരവ് | 118028687 | 50452792 |
| ആകെ | 119049993 | 65626320 |
| ചെലവ് | 116854287 | 47281045 |
| നീക്കിയിരിപ്പ് | 2195706 | 18345275 |

## 1-2 വാർഷിക ധനകാര്യ പത്രിക

മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം വരുമാനം 82777568/- രൂപയും ചെലവ് 78303242/- രൂപയും തൻവർഷ പ്രവർത്ത 4474326/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 56850693/- ബാധ്യതകളുടെ മൂല്യം 10782077/- രൂപയും ജനറൽ ഫണ്ട് 46068616/- രൂപയുമാണ്. മേൽ പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകള വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റി വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്കിന്റെ പേര് | ചെക്ക് നമ്പർ | തീയതി | |
|---|---|---|---|
| | 598393 | 31/12/2018 | 220 |
| | 758277 | 23/05/2017 | 560 |
| | 803795 | 30/12/2019 | 2294 |

'Liability In Respect Of Stale Cheque' എന്ന ശീർഷകത്തിലുൾപ്പെടുത്തിയിട്ടുള്ള 27405/-രൂപ വെ സർജന് നൽകിയ 1835598, 1835599 (തീയതി.30.3.2015) നമ്പർ ചെക്കുകൾ നഷ്ടപ്പെട്ട ബന്ധപ്പെട്ടതാണ് എന്ന് കാണുന്നു. മുൻവർഷവും ഇതേ തുക തന്നെയാണ് ഈ ശീർഷക രേഖപ്പെടുത്തിയിട്ടുള്ളത്.

3. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വ കണക്കുമായി പൊരുത്തപ്പെടുന്നില്ല. അതുപോലെ, വാടകയിനത്തിലെ രജിസ്റ്റർ പ്രക ഡിമാന്റ്-കളക്ഷൻ-ബാലൻസ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

4. ബാലൻസ് ഷീറ്റിലെ ബി- 4 ഷെഡ്യൂളിലെ പല പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകള നീക്കിയിരിപ്പ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെ 320100115, 320100121, 320100, 320100204, 320100205 എന്നീ ശീർഷകങ്ങളിലെ എല്ലാ വര ചെലവുകളും വാർഷികധനകാര്യ പത്രികയിൽ പ്രതിഫലിയ്ക്കുന്നില്ല.

5. തൊഴിൽ നികുതി, ലൈസൻസ് അക്രുവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ച വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.

6. ബാലൻസ് ഷീറ്റിലെ ബി- 7 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന നിലനിൽക്കുന്ന ഡെപോസിറ്റ് തുകകളുടെ രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് മാത്രമാണ് വാർഷിക ധ പത്രികയുമായി പൊരുത്തപ്പെടുന്നത്. വരവ് , തിരികെ നൽകിയ തുക, നീക്കിയിരി എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

7. ഇൻകം & എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-18 ഷെഡ്യൂൾ പ്രകാരം മുൻവർഷ ഇ ക്രമീകരിച്ച തുകയുടെ വിശദാംശം സംബന്ധിച്ച് നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

8. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസായി ജീവനക്കാർക്ക നൽകിയ തുക പൂർണ്ണമായും ക്രമീകരിച്ചിട്ടുണ്ടെങ്കിലും ബി- 18 ഷെഡ്യൂളിൽ 460100101 എന്ന ശീർഷകത്ത് രൂപ തിരികെ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

9) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണ ധനകാര്യ പത്രികയിലെ വരവു-ചെലവു കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പൻഡിച്ചർ അക്ക തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11)ബാലൻസ് ഷീറ്റിലെ ബി- 17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെൻചവർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ബി-4 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

12)ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കുവാൻ ബാക്കിനിൽക്കുന്ന തുക 3375393 രൂ എങ്കിലും വാർഷിക ധനകാര്യ പത്രിക പ്രകാരം ആയത് 3155393 രൂപയാണ്. ലോൺ ഇന വരവ് 220000 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തികവിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 15173528 |
| ഓഡിറ്റ് വർഷത്തെ വരവ് | 50452792 |

| | |
|---|---|
| ആകെ | 65626320 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 47281045 |
| നീക്കിയിരിപ്പ് | 18345275 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1947096 |

## 1-4 ഗ്രാന്റ് വിനിയോഗം

വിവിധ ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസന ഫണ്ട്- പൊതു വിഭാഗം | 0 | 10725000 | 10725000 | 10480313 | 244687 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 12022059 | 12022059 | 7243114 | 4778945 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 538000 | 538000 | 307200 | 230800 |
| ധന.കമ്മീഷൻ ഗ്രാന്റ്, (ടൈഡ്) | 0 | 0 | 0 | 0 | 0 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 0 | 8200021 | 8200021 | 3152653 | 5047368 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡിതരം) | 0 | 3251000 | 3251000 | 2245310 | 1005690 |
| മെയിന്റനൻസ് ഗ്രാന്റ്, (റോഡ്) | 0 | 13949000 | 13949000 | 4641657 | 9307343 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 2361 | 21864733 | 21867094 | 21177529 | 689565 |
| ഐ.സി.ഡി.എസ് | 1308414 | 3489434 | 4797848 | 2480834 | 2317014 |
| ശുചിത്വമിഷൻ | 42697 | 0 | 42697 | 0 | 42697 |

1. ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട് തുകകൾ ഗ്രാന്റ് സ്റ്റേ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നി വ്യത്യാസപ്പെട്ടിരിക്കുന്നു.

വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽനിന്ന് 294118/-രൂപ ഉറവിടത്തിൽ കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി ത ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്ത തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റ പേമെന്റ് സ്റ്റേറ്റ്മെന്റിറലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി ത ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 257/20 സമ്പൂർണ്ണപാർപ്പിട പദ്ധതി(ലൈഫ് മിഷൻ)ഹഡ്കോ വായ്പ) | 147059 | വികസനഫണ്ട് പൊതുവിഭാഗം |
| 282/20 സമ്പൂർണ്ണപാർപ്പിട പദ്ധതി(ലൈഫ് മിഷൻ)ഹഡ്കോ വായ്പ) | 147059 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 294118 | |

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതി,സംസ്ഥാനാ പദ്ധതികളുൾപ്പെടെയുള്ള വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബ തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് വാർഷികകണക്കുകൾ, എ.സി.ആർ./ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വികസനഫണ്ട്, മെയിന്റനൻസ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെട

തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ ‹
നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനു
2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതി രൂപീകരണത്തിനായുള്ള ആ
സമിതിയോഗം 15/10/2018ലും വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 22/10/2018 ലും നടക്കുകയു
പദ്ധതിരൂപീകരണഗ്രാമസഭ 04/11/2018 മുതൽ 20/11/2018 വരെയുള്ള കാലയളവിൽ
പദ്ധതിനിർദേശങ്ങൾ ചർച്ച ചെയ്തു. 30/11/2018 ലെ വികസനസെമിനാറിൽ പദ്ധതി നിർദേ
അന്തിമമാക്കുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 12.02.2020ലെ യോഗം വാർഷികപ
അന്തിമാംഗീകാരം നല്കുകയും ചെയ്തു. വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയു
2020ലെ 2707/18/DPC/DPO/KTMഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതിയുടെ വിശദാംശങ്ങൾ.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവ |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 6 | 5 | 9315830 | 18619 |
| 2 | വെറ്ററിനറി സർജൻ | 7 | 7 | 3734000 | 18469 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 4 | 4 | 1024736 | 10031 |
| 6 | വി.ഇ.ഒ - 1 | 9 | 7 | 11317695 | 58334 |

| | | | | | |
|---|---|---|---|---|---|
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 6 | 5 | 4132800 | 37601 |
| 8 | സെക്രട്ടറി | 32 | 23 | 8518131 | 58165 |
| 10 | വി.ഇ.ഒ - 2 | 13 | 12 | 7388799 | 29569 |
| 11 | അസി.എൻജിനീയർ | 127 | 47 | 34359931 | 93834 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ. | 1 | 1 | 577960 | 5779 |
| 13 | അസി.സെക്രട്ടറി. | 6 | 6 | 1550233 | 11537 |
| | ആകെ | 211 | 117 | 81920115 | 34194 |

അംഗീകാരം കിട്ടിയ 211 പ്രോജക്ടുകളിൽ 117 എണ്ണം മാത്രമാണ് നടപ്പ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 42 ശതമാനമാണ് ചെലവ്.

13ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരി സുരക്ഷ , സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ സാധിക്കുന്നതിന് ഗ്രാമപഞ്ചായ ജനങ്ങളെ സജ്ജരാക്കാൻ പാകത്തിലുള്ള പ്രോജക്ടുകളാണ് വാർഷികപദ്ധതിയിൽ രൂപ നടപ്പാക്കാൻ ശ്രമിച്ചത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളെ വാർഷിക പദ്ധതി ഏകോപിപ്പിച്ചു നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. കൃഷി, മൃഗസംരക്ഷണം മേഖലക ബന്ധപ്പെട്ട പ്രോജക്ടുകളുടെ ലക്ഷ്യം ഹരിതകേരള മിഷന്റെ ആശയവുമായി യോജിക്കുന്ന

ലൈഫ് ഭവനപദ്ധതി, ബയോഗ്യാസ് പ്ലാന്റ്, ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട പ്രോ എന്നിവ വാസയോഗ്യമായ ഭവനം, മാലിന്യനിർമ്മാർജനം, പരിസ്ഥിതി സംരക്ഷണം തു ലക്ഷ്യങ്ങൾ നേടുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ്. സ്ത്രീകൾ, ക ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർ, വൃദ്ധർ, എസ്.സി, എസ്.ടി വിഭ എന്നിവർക്ക് സേവനം നല്കാനായി ആവിഷ്കരിച്ച പ്രോജക്ടുകളാണ് ഐ.സി.ഡ

സൂപ്പർവൈസർ,അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയത്. ആയുർവേദാശുപത്രി, ഹേ ആശുപത്രി എന്നിവയിലേക്ക് മരുന്ന് വാങ്ങൽ, പഞ്ചായത്തോഫീസിന്റെ ഇലക്ട്രിഫിക്ക നെറ്റ് വർക്കിംഗ് എന്നീ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ്, അങ്കണവാടി നിർമ്മാണത്തിനായി ദേശീയതൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ, പോസ്റ്റ് മാറ്റ ഇലക്ട്രിസിറ്റിബോർഡ് എന്നിവയിൽ തുക നിക്ഷേപിക്കൽ, തെരുവ് വിളക്ക് പരി എന്നിങ്ങനെയുള്ള പ്രവൃത്തികളുടെ നിർവഹണം സെക്രട്ടറി നടത്തിയിട്ടുണ്ട്.

റോഡുകളുടെയും നടപ്പാതകളുടെയും കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് അസി.എൻജ നടപ്പിലാക്കിയ പ്രോജക്ടുകളിൽ ഏറെയും. റോഡ് പ്രവൃത്തികളിൽ കണക്കിവിറ്റ് തയ്യാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല. ആകെ അംഗീകാരം ലഭിച്ച 127 പ്രോജക്ട 50എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്. സ്പിൽ ഓവർ പ്രവൃത്തികളുൾപ്പെടെ നടപ്പിലാക്ക എണ്ണമാണ്. റോഡ് കോൺക്രീറ്റിംഗ് ഉൾപ്പെടെ 1ലക്ഷത്തിൽ കുറവ് തുക അടങ്കലുള്ള ന പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടു പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂ ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത , തുടർപുരോഗതിക്കുള്ള സാദ്ധ എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ പ്രാവർത്തികമാക്കാനാവുന്നില്ല.

സ്പിൽ ഓവർ പ്രോജക്ടുകൾ പൂർണമായും നടപ്പിലാക്കാൻ സാധിക്കുന്നില്ലയെന്നതിൽ ഏറ്റെടുക്കുന്ന പല പ്രോജക്ടുകളും മുൻഗണനാടിസ്ഥാനത്തിൽ തയാറാക്കുന്നതല്ലെ വ്യക്തമാകുന്നത്.

വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മീറ്റിംഗുകൾ കൂടി ഫലപ്രദമായ നിർദ്ദേ നല്കുന്നതിന് പല ഗ്രൂപ്പുകൾക്കും സാധിച്ചില്ല. കൂടാതെ പ്രോജക്ടുളുടെ നിർവഹണഘട്ട വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ചുമതല നിർവഹിക്കേണ്ടിയിരുന്നുവെങ്കിലും ഫല

മോണിട്ടറിംഗ് ഉണ്ടായില്ല. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിം ചർച്ചകളും നടത്തി നിർദേശങ്ങൾ നൽകുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവഹണങ്ങൾ വിലയിരുത്തപ്പെ ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളു.

സർക്കാർ ഗ്രാന്റുകൾ ലാപ്സായത്

പ്രോജക്ടുകൾ നടപ്പാകാത്തത് മൂലം ലഭ്യമായ സർക്കാർ ഗ്രാന്റുകളിൽ 2.06 കോ ലാപ്സാവുകയുണ്ടായി. വാർഷികപദ്ധതി നിർവഹണത്തിനായി ലഭിക്കുന്ന സർക്കാർ ഗ്രാ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

| ഇനം | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 244687 |
| വികസന ഫണ്ട്-എസ്.സി.പി | 4778945 |
| വികസന ഫണ്ട്-ടി.എസ്.പി | 230800 |
| ധന.കമ്മീഷൻ ഗ്രാന്റ്, (ടൈഡ്) | 0 |
| ധന.കമ്മീഷൻ ഗ്രാന്റ്, (അൺടൈഡ്) | 5047368 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 1005690 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 9307343 |

| | |
|---|---|
| ആകെ | 20614833 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2019-2020 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്ത വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്ക ചെയ്യിട്ടുണ്ട്. 3182 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. 2019-20 വർഷം 140 പദ്ധ വിഭാവനം ചെയ്തു. സാങ്കേതിക അനുമതി ലഭിച്ച 137 പ്രോജക്ടുകളിൽ 137 എണ്ണം തൻ നടപ്പിലാക്കി. 70621 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1205 കുടുംബങ്ങൾ പദ്ധതി സഹകരിച്ചു. ആകെയുള്ള 165 അയൽക്കൂട്ടങ്ങളിൽ 161 അയൽക്കൂട്ടങ്ങൾ പദ്ധതിക സഹകരിക്കുന്നുണ്ട്. മഴക്കുഴി, റബ്ബർ ബോർഡ് അംഗീകൃത പ്രവൃത്തികൾ, വൃക്ഷത്തൈ തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം പ്രധാനമായും നടപ്പാക്കിയത്. ധനകാര്യ പ്രകാരമുള്ള 2019-20 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2361 | 963204 | 965565 | 276000 | 689565 |
| ഇ.എഫ്.എം.എസ് | 0 | 20901529 | 20901529 | 20901529 | 0 |
| ആകെ | 2361 | 21864733 | 21867094 | 21177529 | 689565 |

## 1-7 ക്ഷേമ പദ്ധതി

2019-20 വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങ ചേർക്കുന്നു.

| ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 48240 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 1338000 | 218 |
| വിധവാ പെൻഷൻ | 3933000 | 690 |
| വാർദ്ധക്യകാല പെൻഷൻ | 8758200 | 1506 |
| വികലാംഗ പെൻഷൻ | 1501100 | 271 |
| അവിവാഹിത പെൻഷൻ | 202800 | 32 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 02.11.2021, 3P.M. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയു പരിശോധനയിൽ 2439/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെ

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ട് ജീവനക്കാരുടെ ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയ ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയ

സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗ
സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും
ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണ
ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത
പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. വൗച്ചറുകൾ ക്രമമായി നമ്പരിട്ട് സബ് വൗച്ചറുകളു
സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടു
ഈടാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ഡി.സി.ബി തയാറാക്കി കു
ഉൾപ്പെടെ ഈടാക്കുന്നതിൽ ഇനിയുംപുരോഗതി കൈവരിക്കേണ്ടതുണ്ട്. വാടക
ബന്ധപ്പെട്ട രജിസ്റ്ററിൽ മതിയായ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.വാട
കൊടുക്കുന്നതും കൊടുക്കാത്തതും ഉൾപ്പെടെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള
മുറികളുടെയും വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ്
അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയ
സൂക്ഷിപ്പിൽ അപാകതകൾ നിലനിൽക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷ
അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി
സംരക്ഷണത്തിൽ മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. സാധനങ്ങളുടെയും സേവനങ്ങള
വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കു
വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. പശ്ചാത്തലമേഖലയിലുൾപ്പെടെ പ്രോജക്ടുകളുടെ നിർവഹണ
കാര്യക്ഷമത, സമയബന്ധിതമായ പൂർത്തീകരണം, പ്രവൃത്തികളുടെ മേൽ
പ്രവൃത്തികളുടെ ഗുണനിലവാരം എന്നിവയിൽ പുലർത്തേണ്ട നിഷ്കർഷകൾ പാലിക്കു
മതിയായ ശ്രദ്ധ ചെലുത്തിയിട്ടില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വ
ഗ്രൂപ്പുകൾ പദ്ധതി നിർവഹണവേളയിൽ മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്ക
വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകളിൽ നിഷ്കർഷിക്കുന്നെങ്കിലും മ
പ്രവൃത്തികളുടെ മോണിട്ടറിംഗ് ഉണ്ടായില്ല. ആഭ്യന്തരനിയന്ത്രണസംവിധാനം ക
മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/12/2019 | 10/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/04/2016-27/04/2016 | 2011-16 | LBA(HQ)1/8A-2427/ 2016 Dtd 12/5/2016 |

## 1-11 അസംബ്ലി, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ഹാൾ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം

ഗ്രാമ പഞ്ചായത്തിൽ അസംബ്ലി, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ഹാൾ, തിയേറ്റർ, ലോഡ്ജ് എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിട എണ്ണം 5 മാത്രമാണ്. അസംബ്ലി, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, ഹാൾ വിനിയോഗഗണത്തിലുള്ള കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് |
|---|---|---|
| 1 | 4/6 | വികാരി, സെന്റ് ജയിംസ് ചർച്ച് ,കറിക്കാട്ടൂർ |
| | | |

| | | |
|---|---|---|
| 2 | 4/12 B | ചെയർമാൻ, മണിമല സെൻട്രൽ ഡവ.ട്രസ്റ്റ് |
| 3 | 7/1 | ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് |
| 4 | 10/340 | സെക്രട്ടറി, എൻ എസ് എസ് കരയോഗം, ആലപ്ര |
| 5 | 15/410 | സെക്രട്ടറി,വിശ്വകർമ്മ മഹാസഭ, കറിക്കാട്ടൂർ |

വിവാഹ രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾ ആഡിറ്റോറിയം/ഹാ ഉപയോഗിയ്ക്കപ്പെടുന്നവയാണ് എന്ന് കാണുന്നു.

1. ഹോളി മാഗി ഫൊറോന ചർച്ച് പാരിഷ്ഹാൾ
2. സെന്റ് ആന്റണീസ് ചർച്ച് പാരിഷ്ഹാൾ
3. എസ്.എച്ച് ചർച്ച് പാരിഷ്ഹാൾ, കരിമ്പനകുളം
4. അന്നപൂർണ്ണേശ്വരി ക്ഷേത്രം ഹാൾ

ഹോളി മാഗി ഫൊറോന ചർച്ച് പാരിഷ്ഹാൾ, എസ്.എച്ച് ചർച്ച് പാരിഷ്ഹാൾ എന്ന ഹാളുകളും നികുതി നിർണ്ണയിക്കാതെ ഉപയോഗിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ കെട്ടിടനികുതി നിർണ്ണയിച്ച് അധികൃതമാക്കണമെന്നറിയിച്ച് പള്ളി അധികാരികൾക്ക നൽകിയിരുന്നെങ്കിലും പ്രതികരിക്കാത്തതിനാൽ കേ.പ.രാജ് നിയമത്തിലെ 235 W 14/01/2021 കത്ത് നൽകുകയും തുടർന്ന് 23/07/2021 ൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ അധികാരികളുടെ യോഗം വിളിയ്ക്കുകയും അനുബന്ധ രേഖകൾ സഹിതം അടിയന്ത ക്രമവത്കരണ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതായും ഇത് സം ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.4) മറുപടി ലഭിച്ചിട്ടുണ്ട്. കൂടാതെ, സെന്റ് ആന്റണീ പാരീഷ് ഹാളിന്റെ ക്രമവത്കരണവുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷയിൽ ന്യ

പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായും അന്നപൂർണ്ണേശ്വരി ക്ഷേത്രം ഹാളിന് ( നിർണ്ണയിയ്ക്കുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിക്കുന്നതാണ് അറിയിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിൽ ആരാധനാലയങ്ങളുടെ ഗണത്തിൽ വസ്തു നികുതി നിർണ്ണയിക്കപ്പെ 78 കെട്ടിടങ്ങളുണ്ട്. മേൽപ്പറഞ്ഞത് കൂടാതെ, ഗ്രാമ പഞ്ചായത്തിൽ പാരിഷ്ഹാൾ /അ ആഡിറ്റോറിയം ആയി ഉപയോഗിയ്ക്കപ്പെടുന്ന കെട്ടിടങ്ങളുണ്ടോ എന്ന് പരിശോധിക്കേ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

## 1-12 റോഡ്,മേഖല,ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനിക നിർണ്ണയിച്ചില്ല

I) കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം, പഴക്കം, മേഖല, റോഡ് സ( സെൻട്രലൈസ്ഡ് എ.സി തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് 'സഞ്ചയ' വസ്തു( കണക്കാക്കുന്നത് എന്നതിനാൽ കൃത്യതയില്ലാത്ത വിവരങ്ങൾ നൽകുന്നത് തെറ്റായ ( നിർണ്ണയത്തിനിടയാക്കുന്നുണ്ട്. കെട്ടിട നികുതി നിർണ്ണയ വിവരങ്ങൾ 'സഞ്ച പരിശോധിച്ചതിൽ ഇത്തരം ധാരാളം അപാകതകൾ നിലവിലുള്ളതായി കാണുന്നു. ( സ്ഥിതിചെയ്യുന്ന മേഖലയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ വരു ഇളവുകൾ/വർദ്ധനവുകൾ നിർണ്ണയിയ്ക്കുന്നതിനായി പഞ്ചായത്ത് ഭൂപ്രദേശം മേഖല തിരിച്ച് വിജ്ഞാപനം ചെയ്തതിൻ പ്രകാരം താഴെപ്പറയുന്ന പ്രദേശങ്ങൾ പ്രാഥമിക മേഖ ഉൾപ്പെടുന്നു.

1. മണിമല മുതൽ പൊന്തൻപുഴ വരെ സ്റ്റേറ്റ് ഹൈവേയുടെ ഇരുവശവും 100 M
2. മുക്കട പ്ലാച്ചേരി റോഡ് ഇരുവശവും 150 M വീതം
3. പൊന്തൻപുഴ മുതൽ പുളിക്കാംപാറ വരെ ഇരുവശവും 50M വീതം
4. കറിക്കാട്ടൂർ കവല മുതൽ മരോട്ടിച്ചുവടു വരെ ഇരുവശവും 50M വീതം

5. മണിമല മാർക്കറ്റ് ജംഗ്ഷൻ പെരുന്നേക്കവല വള്ളംചിറ റോഡിൽ ഇരുവശവും 100M വീത

6. പൊന്തൻപുഴ മുക്കട റോഡിന് ഇരുവശവും 100M വീതം

എന്നാൽ മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഉൾപ്പെടുന്ന വളരെയധികം കെട്ടിടങ്ങളെ ദ ത്രിതീയ മേഖലകളിൽ പെടുത്തി അനർഹമായ ഇളവ് നൽകിയിട്ടുള്ളതായി കാണുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വിവിധ കെട്ടിടങ്ങളെ വ്യത്യസ്ഥ മേഖലകളിൽ ഉൾപ്പെടുത്തി ന നിർണ്ണയിച്ചിട്ടുണ്ട്. അതുപോലെ, പ്രധാന റോഡുകളോട് ചേർന്നുള്ള കെട്ടിടങ്ങൾക്ക് റോഡുകളുടെ തരം 'ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ' എന്ന ഗണത്തിൽപെ ഇളവ് നൽകിയിട്ടുള്ളതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മണിമല റാന്നി റോഡിനോട് ചേർന്നുള്ള 1/536, 1/517,4/383, 4/384 നം.കെട്ടിടങ്ങളെ ( മേഖലയിലും റോഡിന്റെ തരം 'ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം അടിസ്ഥാന വസ്തുനികുതിയിൽ ബാധകമായ ( നൽകാതിരിക്കുന്നതിനും അനർഹമായ ഇളവ് നൽകുന്നതിനും ഇടയാക്കിയിട്ടുള കാണുന്നു.

1/536, 1/517 നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ പിഴവ് പരിഹരിക്കുന്നതിന് നടപ സ്വീകരിക്കുന്നതാണ് എന്നും 4/383, 4/384 എന്നീ കെട്ടിടങ്ങൾ റാന്നി -മണിമല റോഡര സ്ഥിതി ചെയ്യുന്നതെന്നും ചാരുവേലി റോഡിന് സമീപത്താണ് എന്നും ഇത് സംഭ ഓഡിറ്റന്വേഷണക്കുറിപ്പിന് ( നം. 6) മറുപടി നൽകിയിട്ടുണ്ട്.

2. പൊന്തൻപുഴ മുക്കട റോഡ് സമീപ റോഡായി വരുന്ന 6/193, 6/208 A മുതൽ 6/208 H വര കെട്ടിടങ്ങളെ ദ്വിതീയ മേഖലയിലും റോഡിന്റെ തരം 5 മീറ്ററിൽ താഴെ എന്ന വിഭാഗ( ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

ടി കെട്ടിടങ്ങളെ പ്രാഥമിക മേഖലയിലുൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുന്നതാ രേഖാമൂലം (6-ാം നമ്പർ എൻകചയറിക്കുള്ള മറുപടി) അറിയിച്ചിട്ടുണ്ട്.

3. റ്റി.ജെ.തോമസ്, തയ്യിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള മണിമല റാന്നി റോ ചേർന്നുള്ള 14/385 , 14/386 നമ്പർ കെട്ടിടങ്ങളുടെ കാര്യത്തിൽ ആദ്യത്തേതിന് റോഡിന് 'അഞ്ച് മീറ്ററിൽ' കൂടുതൽ എന്ന ഗണത്തിൽപ്പെടുത്തി 20% നികുതി വർദ്ധനവ് നൽകി രണ്ടാമത്തേതിന് റോഡിന്റെ തരം' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ വിഭാഗത്തിൽപ്പെടുത്തിയത് കുറഞ്ഞ നികുതി നിർണ്ണയത്തിന് ഇടയാക്കിയിട്ടുണ്ട്.

14/386 നമ്പർ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4. ശ്രീ. കെ.ജെ.വർഗ്ഗീസ്, കൊച്ചുമുറിയിൽ എന്നയാളുടെ ഉടമസ്ഥതയിൽ മണിമല റാന്നി സമീപ റോഡായുള്ള 1/506, 506A, 506 B, 506 C നമ്പർ കെട്ടിടങ്ങളിൽ 506, 506 C നമ്പർ കെട്ടിട കാര്യത്തിൽ മേഖല ദ്വിതീയവും റോഡിന്റെ തരം ' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മ താഴെ 'യും 506 A നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ മേഖല ദ്വിതീയവും റോഡിന്റെ തരം മീറ്ററിൽ താഴെയും 506 B നമ്പർ കെട്ടിടത്തിന്റെ കാര്യത്തിൽ മേഖല ത്രിതീയവും റോ തരം ' ഒന്നര മീറ്ററിൽ കൂടുതൽ അഞ്ച് മീറ്ററിൽ താഴെ 'യും ആയാണ് അട വസ്തുനികുതിയിൽ ഇളവുകൾ നൽകിയിട്ടുള്ളത്.

ടി കെട്ടിടങ്ങളുടെ പ്രവേശനമാർഗ്ഗം മണിമല -റാന്നി റോഡിൽ നിന്നുമല്ല കറിക്കാട്ടൂ ഇൻഡസ്ട്രിയൽ റോഡിൽ നിന്നുമാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

Ii) ലൈസൻസുമായി ബന്ധപ്പെട്ട് കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ യ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിലല്ല താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ( നിർണ്ണയിച്ചിട്ടുള്ളത് എന്ന് കാണുന്നു.

| രജി. ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗ ക്രമം | നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഉപയോഗക്രമം |
|---|---|---|---|---|
| 160 | 4/215 A | പൊന്നച്ചൻ പി.കെ, | ഫൈബർ കതക്, | സ്റ്റോറേജ് ഷെഡ് ഷെഡ് |

| | | | | |
|---|---|---|---|---|
| | | പതിക്കൽ | ജനൽ നിർമ്മാണം, വില്പന | |
| 71 | 5/103 A | ത്രേസ്യാമ്മ തോമസ്, വയലിൽ | സിമന്റ് കട്ട നിർമ്മാണം | ഇഷ്ടിക ചൂള |
| 66 | 15/144A | ജോസഫ് സി.റ്റി, ചേംപ്ലാനിക്കൽ | സിമന്റ് കട്ട നിർമ്മാണം | ഇഷ്ടിക ചൂള |
| -- | 9/159 | ലൂക്കാ വർഗ്ഗീസ്, ഇലവനാമുക്കട | ബേക്കറി | പാർപ്പിടം |

ടി കെട്ടിടങ്ങളുടെ വിനിയോഗ ഗണം നിശ്ചയിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കു എന്ന് അറിയിച്ചിട്ടുണ്ട്.

പ്രവേശനമാർഗ്ഗമായ റോഡും അതുപോലെ മേഖലയും രേഖപ്പെടുത്ത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കൃത്യത പുലർത്താൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ ത് കൂടാതെ, റോഡ്, മേഖല, ഉപയോഗക്രമം എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തു പുനർനിർണ്ണയിക്കേണ്ട മറ്റ് കെട്ടിടങ്ങളുണ്ടെങ്കിൽ അവയുടെ കാര്യത്തിലും തുടർനട സ്വീകരിക്കേണ്ടതാണ്.

## 1-13 കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച

വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോ ഗോഡൗണുകൾ എന്ന വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30/-രൂപ ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുക വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്ക് 50/- രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നി നിർണ്ണയിച്ചിട്ടുള്ളത്. ശ്രീ. കെ.വി.ചാണ്ടി, കൊച്ചിടശ്ശേരിയിൽ എന്നയാളുടെ ഉടമസ്ഥത

110.15 ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള 4/384 നം. കെട്ടിടത്തിന് 100 ച.മ താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30/- രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചി 50/- രൂപ നിരക്കിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണ് എ സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.5) മറുപടി ലഭിച്ചിട്ടുണ്ട്. നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ജീവനക്കാരുടെ തൊഴിൽ നികുതി - വരവ് തുകകൾ പൊരുത്തപ്പെടുന്നി

തൊഴിൽ നികുതി വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ രജിസ്റ്റർ/ഡേ പ്രകാരം വരവില്ലാത്ത ചുവടെ ചേർക്കുന്ന ഇടപാടുകൾക്ക് തൊഴിൽ നികുതി ലെഡ്ജർ ബുക്ക് പ്രകാരം വരവുള്ളതുമായി കാണുന്നു.

| ശീർഷകം | വിവരണം | വൗച്ചർ നം & തീയതി | തുക |
|---|---|---|---|
| 431300101 | Correction Entry Of Vr.No.119080102526 | 41900288 | 1440 |
| 450210102 | Prof Tax:SBT Manimala | V.No:119010900069; 30 May 2020 | 37090 |
| 450210102 | Treasury TSB A/C; Prof Tax | V.No:119010900084; 31 Mar 2020 | 7000 |
| 450210102 | Treasury TSB A/C | V.No:119010900089; 31 Mar 2020 | 7000 |
| 450210102 | Prof Tax:SBT Manimala | V.No:119010900100; 31 Mar 2020 | 24470 |

വാർഷിക ധനകാര്യ പത്രിക പ്രകാരം ₹ 864670/-വരവുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം ₹ മാത്രമാണ് വരവ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ

രൂപയുടെ വ്യത്യാസം കാണുന്ന.

സാംഖ്യ രേഖകൾ പരിശോധിച്ചതിൽ ടി തുകകൾ (വരവ്) ഇരട്ടിപ്പ് അ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 37090 രൂപ 02/02/2020 തീയതിയിലെ 2200795നമ്പർ വൌച്ചർ പ്രകാരം ക്രമീകരിച്ചതായും 827580 രൂപയുടെ വിവരങ്ങൾ റീകൺസിലി സ്റ്റേറ്റ്മെന്റും ബിൽ രജിസ്റ്ററുമായി ഒത്തുനോക്കി ബോധ്യപ്പെട്ടതിനുശേഷം അറിയിക്കു എന്നും ഇത് സംബന്ധിച്ച ഓഡിറ്റന്വേഷണക്കുറിപ്പിന് (നം. 15 തീയതി 16.11.2021) ലഭിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ വരവില്ലാത്ത തുകകൾ വരവായി രേഖപ്പെടുത്തിയ അക്കൗണ്ടിംഗിലെയും വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിലെയും ജാഗ്രതയില്ലാ വ്യക്തമാക്കുന്നത്. അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാ

## 1-15 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

തൻവർഷം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും ന പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുള്ള ലൂക്കാ വ ഇലവനാമുക്കട എന്നയാളുടെ ഉടമസ്ഥതയിലുള്ള ബേക്കറി പ്രവർത്തിയ്ക പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള 9/159 കെട്ടിടത്തിലാണ്.

"സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 503 |

| | | |
|---|---|---|
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 24 |
